## ഭക്ഷണം + പാർപ്പിടം + വസ്ത്രം + മരുന്ന്

# അവർക്ക് ലഭിച്ചിരിക്കണം

പ്രായമേറിയാലുള്ള ജിവിതം കാലിക സമൂഹത്തിൽ ഒരു വെല്ലുവിളിയായി മാറുകയാണ്. വിധവകളുൾപ്പെടെ ധാരാളം പ്രായമായവർ ആരാലും പരിപാലിക്കപ്പെടാനില്ലാതെ അംഗീകൃതമായതും അല്ലാത്തതുമായ വൃദ്ധസദങ്ങളെ ആശ്രയിച്ച് കഴിയുന്നുണ്ട്. അവരെ സംരക്ഷിക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കാനുള്ള ബാധ്യത ഭരണകൂടത്തിനാണ്. ക്രിമിനൽ നടപടിക്രമത്തിലെ വകുപ്പ് 125 പ്രകാരം മുതിർന്നവർക്ക് മക്കളില് നിന്ന് ജീവനാംശം ലഭിക്കുന്നതിന് അവകാശമുണ്ടെങ്കിലും അത്തരം നടപടികൾ സമയദൈർഘ്യവും പണച്ചിലവും ഏറിയതാണെന്ന നിഗമനത്തിലാണ് മുതിർന്നവർക്കും മാതാപിതാക്കൾക്കും ജീവനാംശവും ക്ഷേമവും ലഭിക്കാനുള്ള പുതിയ നിയമം (The Maintenance and Welfare of Parents and Senior Citizens Act 2007) പാർലമെന്റില് അവതരിപ്പിച്ചത്. മക്കൾ മാത്രമല്ല മുതിർന്നവരുടെ വസ്തുവഹകള് അവരുടെ കാലശേഷം പിന്തുടർച്ചാവകാശനിയമപ്രകാരം ലഭിക്കുന്നവരും ഈ നിയമപ്രകാരം മുതിർന്നവരെ പരിപാടിക്കാന് ബാധ്യസ്ഥരാണ്. ഈ നിയമം കേരളത്തിൽ 24-9-08 ല് പ്രാബല്യത്തിൽ വന്നു. ഭക്ഷണം, പാർപ്പിടം, വസ്ത്രം, മരുന്ന് എന്നിവ നിഷേധിക്കപ്പെട്ട 60 വയസു കഴിഞ്ഞ ആരെങ്കിലും ഉണ്ടെങ്കിൽ അവരെ ഈ നിയമം ഉപയോഗിച്ച് നമുക്ക് സഹായിക്കാനാകും.



### ആർക്കൊക്കെ ഈ നിയമത്തിന്റെ പ്രയോജനം ലഭിക്കും ?

മാതാപിതാക്കൾക്കും മുതിർന്നവർക്കുമാണ് ഈ നിയമപ്രകാരം മക്കളില് നിന്നോ അനന്തരാവകാശികളിൽ നിന്നോ ജീവനാംശവും ക്ഷേമത്തിനായുള്ള മറ്റ് സൗകര്യങ്ങളും അവകാശപ്പെടാവുന്നത്. യഥാർത്ഥ മാതാപിതാക്കള്, ദത്തെടുക്കലിലൂടെയുള്ള മാതാപിതാക്കൾ, രണ്ടാനച്ഛൻ/ രണ്ടാനമ്മ എന്നിവർക്ക് ഈ നിയമത്തിന്റെ ആനുകൂല്യം ലഭിക്കും. മുതിർന്ന പൗരൻമാർ എന്നതുകൊണ്ട് ഈ നിയമം ഉദ്ദേശിക്കുന്നത് 60 വയസ്സിനു മുകളില് പ്രായമുള്ളവരെയാണ്.

## എങ്ങനെ പ്രയോജനം ലഭിക്കും ?



1. സ്വയം വരുമാനം കണ്ടെത്തി ജീവിക്കാനാകാത്ത മുതിർന്ന പൗരൻമാർക്കും മാതാപിതാക്കൾക്കും ഈ നിയമപ്രകാരം അപേക്ഷ നൽകാം. നിയമത്തിലെ വകുപ്പ് 5 പ്രകാരം ഇതിനായി പ്രത്യേകം സ്ഥാപിച്ച ട്രൈബ്യൂണലിലാണ് അപേക്ഷ നൽകേണ്ടത്.

2. പ്രായപൂർത്തിയായ മക്കളും പേരക്കുട്ടികളും ഇതിന്റെ ഇതിന്റെ പരിധിയിൽ വരും. മക്കളില്ലാത്ത മുതിർന്നവർക്ക് കാലശേഷം തങ്ങളുടെ വസ്തുവഹകൾ പിന്തുടർച്ചാവകാശ നിയമപ്രകാരം കൈവശം ലഭിക്കുന്നവരിൽ നിന്നോ ജീവിതകാലം തന്നെ തങ്ങളുടെ വസ്തു കൈവശം വച്ച് ഉപയോഗിക്കുന്നവരില് നിന്നോ (ബന്ധുക്കൾ) ജീവനാംശവും ക്ഷേമവും ആവശ്യപ്പെടാം.

3. സാധാരണയായ ഒരു ജീവിതം നയിക്കാൻ ഒരു മുതിർന്ന പൗരന് എന്തൊക്കെയാണോ ആവശ്യം; അവയെല്ലാം നൽകാന് മക്കളോടൊ പേരക്കുട്ടികളോടൊ ഇതിന്റെ പരിധിയില് വരുന്ന ബന്ധുക്കളോടൊ ആവശ്യപ്പെടാം. പരമാവധി പതിനായിരം രൂപവരെ ജീവനാംശമായി ലഭിക്കാം. ഈ നിയമത്തിലെ നിർവ്വചനപ്രകാരമുള്ള ഒന്നിലധികം ബന്ധുക്കൾ ഉണ്ടെങ്കില്, പിന്തുടർച്ചാവകാശമനുസരിച്ച് അവർക്ക് ഏത് അളവിലാണോ വസ്തുവഹകൾ ലഭിക്കുന്നത്, അതേ അളവിൽ ജീവനാംശം നൽകേണ്ടുന്ന തുകയും വീതിക്കാം.

4. സ്വന്തമായി അപേക്ഷ നൽകാന് സാധിക്കാത്തവർക്ക് മറ്റേതെങ്കിലും വ്യക്തികൾ മുഖേനയൊ രജിസ്റ്റര് ചെയ്ത സംഘടനകള് മുഖേനയോ ട്രൈബ്യൂണലിൽ അപേക്ഷ നൽകാം. അതല്ലാതെയും ട്രൈബ്യൂണലിന് സ്വമേധയാ നടപടികളെടുക്കാനും അധികാരമുണ്ട്.

5. ട്രൈബ്യൂണലിൽ ജീവനാംശത്തിനായി സമർപ്പിക്കുന്ന അപേക്ഷകള് എതിർകക്ഷിക്ക് നോട്ടീസ് നൽകി 90 ദിവസത്തിനുള്ളില് തീർപ്പാക്കണം. ഒഴിച്ചുകൂടാനാകാത്ത സാഹചര്യങ്ങളിൽ കാരണം രേഖപ്പെടുത്തിയ ശേഷം പരമാവധി 30 ദിവസം കൂടി സമയം നീട്ടി നൽകാം. അപേക്ഷ തീർപ്പാക്കുന്നതിനു മുമ്പുതന്നെ ഇടക്കാല ഉത്തരവിലൂടെയും ട്രൈബ്യൂണലിന് ജീവനാംശം അനുവദിക്കാവുന്നതാണ്.

6 ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം ജീവനാംശം നൽകാത്തവർക്കെതിരെ വാറന്റ് പുറപ്പെടുവിച്ച് ഒരു മാസം വരെയോ പണം അടയ്ക്കുന്നതുവരെയോ ജയില് ശിക്ഷ വിധിക്കാം. ഉത്തരവുപ്രകാരം ലഭിക്കാനുള്ള തുക കുടിശ്ശിക വന്ന് 3 മാസത്തിനുള്ളില് തന്നെ ട്രൈബ്യൂണലിൽ അപേക്ഷ നൽകേണ്ടതാണ്.

## എവിടെ അപേക്ഷ നൽകണം ?

അപേക്ഷകൻ താമസിക്കുന്നതോ അവസാനം താമസിച്ചതോ ആയ ജില്ലയിലെ ട്രൈബ്യൂണലിൽ ജീവനാംശത്തിനായി അപേക്ഷ നൽകാം. അതല്ലെങ്കിൽ എതിർകക്ഷി (മക്കൾ/ബന്ധുക്കൾ) താമസിക്കുന്ന ജില്ലയിലെ ട്രൈബ്യൂണലിൽ അപേക്ഷ നൽകാം. ട്രൈബ്യൂണലിൽ ലഭിക്കുന്ന അപേക്ഷകൾ, ആവശ്യമെന്നുതോന്നിയാല് കൺസീലിയേഷന് ഓഫീസർക്ക് അയച്ചുകൊടുക്കുന്നതും ഒരു മാസത്തിനം കൺസീലിയേഷന് ഓഫീസര് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

വിഷയം ഒത്തുതിർപ്പാവുകയാണെങ്കിലും അക്കാര്യം രേഖപ്പെടുത്തി ട്രൈബ്യൂണലിന് ഉത്തരവിറക്കാവുന്നതാണ്. ജീവനാംശം നൽകാന് ഉത്തവായിക്കഴിഞ്ഞാൽ എതിർകക്ഷി 30 ദിവസത്തിനുള്ളില് തുക കെട്ടിവയ്ക്കണം. 5 ശതമാനത്തില് കുറയാത്തതും 18 ശതമാനത്തില് കൂടാത്തതുമായ പലിശ സഹിതം പണം നൽകാനും ട്രൈബ്യൂണലിന് ഉത്തരവിടാം. മുതിർന്ന പൗരൻമാരെ മനപൂർവ്വം ഉപേക്ഷിക്കുന്നതോ അനാഥമാക്കുന്നതോ ഈ നിയമപ്രകാരം ശിക്ഷാർഹമാണ്. 3 മാസം തടവും 5000 രൂപ പിഴയും ശിക്ഷയായി ഈടാക്കാവുന്നതാണ്.

## വസ്തു ഇടപാടുകളും അസാധുവാക്കാം

മുതിർന്നവർക്കും മാതാപിതാക്കൾക്കും ജീവനാംശവും ക്ഷേമവും നൽകാനുള്ള നിയമത്തിലെ വകുപ്പ് 23 പ്രകാരം 24-9-08 നുശേഷം തങ്ങള് നടത്തിയിട്ടുള്ള വസ്തു സംബന്ധമായ ക്രമയവിക്രയങ്ങൾ മുതിർന്നവരുടെ അപേക്ഷ പ്രകാരം ആവശ്യമെങ്കിൽ ട്രൈബ്യൂടണലിന് റദ്ദാക്കാവുന്നതാണ്. തന്നെ പരിപാലിക്കുകയും ആവശ്യങ്ങൾ നിറവേറ്റിത്തരുകയും ചെയ്യണമെന്ന നിബന്ധനയോടെ എഴുതിയിട്ടുള്ള ഇഷ്ടധാനാധാരങ്ങളും മറ്റ് ആധാരങ്ങളും അതിലെ നിബന്ധനകൾ പാലിക്കാതെ വരുന്ന പക്ഷം റദ്ദാക്കുന്നതിന് മുതിർന്ന പൗരൻമാര് ട്രൈബ്യൂണലിൽ അപേക്ഷ നൽകണം. മുതിർന്നവർക്ക് ജീവനാംശം ലഭിക്കുന്നതിന് അർഹതയുള്ള വസ്തുവഹകള് മറ്റ് അവകാശികള് കൈമാറ്റം ചെയ്താൽ (വാങ്ങുന്നയാൾക്ക് അറിവുണ്ടെങ്കിൽ) വസ്തു വാങ്ങിയ ആളിൽ നിന്ന് ജീവനാംശം ഈടാക്കാം. സൗജന്യ കൈമാറ്റമാണെങ്കിലും ജീവനാംശം ഈടാക്കാം.

